# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 527

06.03.2012-ൽ മറുപടിക്ക്.

## വിദേശ നിക്ഷേപം സ്വീകരിച്ച് പുതിയ വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) വിദേശ നിക്ഷേപം സ്വീകരിച്ച് പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എഫ്.ഡി.ഐ ആകർഷിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതികൾ വിശദീകരിക്കുമോ ; | (ബി) വിദേശ നിക്ഷേപം ത്വരിതപ്പെടുത്താൻ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയാണ് മുന്നോട്ടുപോകുന്നത്. ഇതിനു പുറമെ കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം, വൻകിട പദ്ധതികൾക്ക് ഓഹരിമൂലധന നിക്ഷേപം, വിവിധ തരം ക്ലിയറൻസുകൾക്ക് ഏക ജാലക സംവിധാനം എന്നിവയും ലഭ്യമാക്കപ്പെടുന്നു. |
| (സി) 'എമർജിംഗ് കേരള പദ്ധതിയിലൂടെ വ്യവസായ വികസനത്തിനായി വിഭാവനം ചെയ്ത് പദ്ധതികൾ എന്തൊക്കെയാണ് ; | (സി) കേരള ബ്രാൻഡ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി 'എമർജിംഗ് കേരള' എന്ന പേരിൽ ഒരു നിക്ഷേപക സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലുള്ള നിക്ഷേപ സാദ്ധ്യതകൾ ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കാനുള്ള ഒരു അവസരമാണ് എമർജിംഗ് കേരള. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുതകുന്ന 'എമർജിംഗ് കേരള' 2012 സെപ്റ്റംബർ മാസം കൊച്ചിയിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

വ്യവസായ വികസനത്തിനായി വിഭാവനം ചെയ്ത ചില പ്രധാനപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു.

1) ഇലക്ട്രോണിക് ഹബ്ബ്, കൊച്ചി.
2) ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം.
3) ഹൈ സ്പീഡ് റെയിൽ കോറിഡോർ പ്രോജക്ട്.
4) കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രീയൽ കോറിഡോർ.
5) കുറ്റ്യാടി ഇന്റഗ്രേറ്റഡ് കോക്കനട്ട് പാർക്ക്.

6) ഓഷ്യനേറിയം, കൊച്ചി.
7) സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്.
8) ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ്, കൊല്ലം.
9) 1100-1200 മെഗാവാട്ട് താപവൈദ്യുത നിലയം, ചീമേനി, കാസർഗോഡ്.
10) അൽ ബറാക്ക് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ്.
11) പ്രധാനപ്പെട്ട നഗരങ്ങളിൽ ട്രേഡ് & കോമേഴ്സ് സോണുകൾ ഡെവലപ്പ്മെന്റ് പ്രോജക്ട് ഏരിയാകൾ.
12) കോഴിക്കോട് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ എയ്റോട്രോപോളിസ്.
13) മെഗാ ഫുഡ് പാർക്ക്.
14) നാഷണൽ ഇൻവെസ്റ്റ്മെന്റ് & മാനുഫാക്ചറിംഗ് സോൺ.
15) കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് രൂപീകരണം.

സെക്ഷൻ ഓഫീസർ